പതിനാലാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ : 600 5.6.2018 ലെ മറുപടിക്ക്

## തൊണ്ട് സംഭരണപദ്ധതി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.അടൂർ പ്രകാശ് | ഡോ.ടി.എം.തോമസ് ഐസക്<br>(ധനകാര്യവും കയറും വകുപ്പ മന്ത്രി) |

| | |
|---|---|
| എ) കുടുംബശ്രീയുടെ സഹായത്തോടെ തൊണ്ട് സംഭരിക്കുന്ന പദ്ധതി ഏതു ഘട്ടത്തിലാണ്;നാളിതുവരെ എത്ര തൊണ്ട് സംഭരിച്ചുവെന്നും ഏതെല്ലാം യൂണിറ്റ് വഴിയെന്നും വ്യക്തമാക്കുമോ; | എ) കുടുംബശ്രീയുടെ സഹായത്തോടെ തൊണ്ട് സംഭരിക്കുന്ന പദ്ധതി പ്രാരംഭഘട്ടത്തിലാണ്. |
| ബി) പ്രവർത്തനരഹിതമായി കിടക്കുന്ന ചകിരിമില്ലുകൾക്ക് പകരം ശേഷികൂടിയതും കാര്യക്ഷമത ഉള്ളതുമായ 1000 ഡി.എഫ്. മില്ലുകൾ(ഡിഫൈബറിംഗ് മിൽ)സ്ഥാപിക്കുന്ന പദ്ധതി ഏതു ഘട്ടത്തിലാണെന്ന് വിശദീകരിക്കാമോ; | ബി) അടുത്ത 3 വർഷത്തിനുള്ളിൽ 1000 ഡി.എഫ് മില്ലുകൾ സ്ഥാപിച്ചുകൊണ്ട് ചകിരി ലഭ്യത ഉറപ്പുവരുത്തു എന്നതാണ് സർക്കാരിന്റെ പ്രഖ്യാപിത ലക്ഷ്യം. 15 HP യുടെ 65 ഡി.എഫ്. മെഷീൻ സ്ഥാപിക്കുന്നതിനായി 3,08,75,000/- രൂപ മെഷിനറി ഫാക്ടറിയ്ക്ക് അനുവദിച്ചു നൽകിയിട്ടുണ്ട്. പ്രസ്തുത മെഷീനുകളുടെ വിതരണം ആരംഭിച്ചിട്ടുണ്ട്.<br>കുടുംബശ്രീ യൂണിറ്റുകളുമായി ബന്ധപ്പെട്ട് എല്ലാ ജില്ലകളിലുമായി 100 ഡി.എഫ്. മെഷീനുകൾ സ്ഥാപിക്കുന്നതിനായി 8,15,00,000/- രൂപയുടെ പ്രൊപ്പോസലിന് ഭരണാനുമതി ലഭിച്ചിട്ടുണ്ട്. 2500 ഇലക്ട്രോണിക് റാട്ടുകൾ സംഘങ്ങളിൽ സ്ഥാപിച്ചിട്ടുണ്ട്. 5300 ഇലക്ട്രോണിക് റാട്ടുകൾ അടിയന്തിരമായി സ്ഥാപിക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. പൊന്നാനി പ്രോജക്ട് ഓഫീസിന്റെ പരിധിയിൽ വരുന്ന പാലക്കാട് ജില്ലയിലെ നെന്മാറ നിയോജക മണ്ഡലത്തിലെ വടവന്നൂർ പഞ്ചായത്തിൽ കയർഫെഡിന്റെ ആഭിമുഖ്യത്തിൽ 30,000 തൊണ്ടുവീതം ചകിരിയാക്കാൻ ശേഷിയുള്ള 2 ഡി. എഫ്. മെഷീനുകൾ സ്ഥാപിക്കുന്ന പ്രോജക്ടിൽ ഒരെണ്ണം സ്ഥാപിച്ചുകഴിഞ്ഞു. കണ്ണൂർ പ്രോജക്ട് പരിധിയിൽ വരുന്ന അമ്മാനപ്പാറ വില്ലേജിൽ ദിവസേന 8,000 തൊണ്ട് ചകിരിയാക്കാൻ ശേഷിയുള്ള ഡി.എഫ്. യൂണിറ്റ് കുടുംബശ്രീ യൂണിറ്റായി 13/07/17 ന് പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. കോഴിക്കോട് ചക്കിട്ടപ്പാറയിൽ പേരാമ്പ്ര കോക്കനട്ട് പ്രൊഡ്യൂസേഴ്സ് കമ്പനിയുടെ ആഭിമുഖ്യത്തിൽ ഹെവി ഡ്യൂട്ടി ഡി.എഫ് മെഷീൻ സ്ഥാപിച്ചുകഴിഞ്ഞു. വൈക്കം പ്രോജക്ടിനു കീഴിൽ 7 ചകിരി മില്ലുകളും തൃശ്ശൂർ പ്രോജക്ടിൽ 10 ചകിരി മില്ലുകളും പ്രവർത്തന സജ്ജമായിട്ടുണ്ട്. 2018 ജൂൺ മാസത്തിൽ ഇതടക്കം |

| | |
|---|---|
| | 50 ഡി.എഫ് മില്ലുകൾ പ്രവർത്തന സജ്ജമാകും. |
| സി) പി.പി.എസ്.എസ് വഴി കയർ ഉല്പന്നങ്ങൾ സംഭരിക്കാറുണ്ടോ;എങ്കിൽ ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം ഏതെല്ലാം സ്ഥലത്തു നിന്നും എത്ര ഉല്പന്നം സംഭരിച്ചുവെന്ന് വ്യക്തമാക്കുമോ; | സി) പി.പി.എസ്.എസ് വഴി കയർ ഉല്പന്നങ്ങൾ സംഭരിക്കാറുണ്ട്. ചേർത്തല അമ്പലപ്പുഴ താലൂക്കിലുള്ള ചെറുകിട ഉൽപ്പാദക സഹകരണ സംഘങ്ങളിൽ നിന്നും 250 കോടി രൂപയുടെ ഉൽപ്പന്നങ്ങൾ സംഭരിച്ചിട്ടുണ്ട്. |
| ഡി) ഇങ്ങനെ സംഭരിച്ച ഉല്പന്നങ്ങൾ എവിടെയെല്ലാം വിപണനം നടത്തിയെന്ന് വ്യക്തമാക്കുമോ? | ഡി) സംഭരിച്ച ഉല്പന്നങ്ങൾ പ്രധാനമായും കയർ കയറ്റുമതിക്കാർ വഴിയും ഇതോടൊപ്പം കശ്മീർ, ഡൽഹി, വടക്ക് കിഴക്കൻ സംസ്ഥാനങ്ങൾ, എന്നിവിടങ്ങളിൽ പുതിയ ഡിസ്ട്രിബ്യൂട്ടർമാരേയും , ഡീലർമാരേയും കണ്ടെത്തി അവരുടെ സഹായത്താൽ ഗോഡൗണുകൾ ആരംഭിച്ചതിന് ശേഷം അവർ വഴിയും കൂടാതെ ആന്ധ്രാ, ചെന്നൈ, ഗുജറാത്ത്, കൽക്കട്ട, ഉത്തർപ്രദേശ് എന്നീ സംസ്ഥാനങ്ങളിൽ വിപണനശാലകൾ വഴിയും കേരളത്തിലുടനീളം ഷോറൂമുകൾ, ഉത്സവ വിപണന ക്യാംപയിനുകൾ എന്നിവ വഴിയും ആകെ 225 കോടി രൂപയുടെ ഉൽപ്പന്നങ്ങൾ വിപണനം നടത്തിക്കഴിഞ്ഞു. |

സെക്ഷൻ ഓഫീസർ